**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1091** **06.02.2020-ൽ മറുപടിയ്ക്ക്**

## റോഡ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് ഇതുവരെയായി എത്ര കിലോമീറ്റർ റോഡാണ് മലയോര ഹൈവെയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഇതുവരെയായി 7 പ്രവൃത്തികളിലായി 177.7 കി.മീ. റോഡാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി മലയോര ഹൈവേ പ്രവൃത്തി നടന്നുവരുന്നത്. ഈ പ്രവൃത്തികൾ ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല. |
| (ബി) | ഹിൽ ഹൈവെയിൽ ഇനിയും എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കാനും പരിഷ്കരിക്കാനുമായി ഉണ്ടെന്നും ഇത് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ. നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിൽക്കൂടിയും മലയോര ഹൈവേ കടന്നുപോകുന്നുണ്ട്. 2017 - 18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മലയോര ഹൈവേ നിർമ്മാണത്തിനു വേണ്ടി 3500 കോടി രൂപ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് 10/07/2017 ലെ സ.ഉ(സാധാ) നമ്പർ 942/2017/പി.ഡബ്ല്യൂ.ഡി, തീയതി 10/07/2017 പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി മലയോര ഹൈവേ നിർമ്മാണം നടത്തുന്നതിന് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. മലയോര ഹൈവേ നിർമ്മിക്കുന്നത് 12 മീറ്റർ വീതിയിലാണ്. മലയോര ഹൈവേയ്ക്ക് വേണ്ടി ആവശ്യമായ സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ |

സൗജന്യമായി ലഭ്യമാക്കി ഹൈവേ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ ജില്ലയിലും ഇത്തരത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുവരെ 513.6 കി.മീ. നീളം വരുന്ന മലയോര ഹൈവേ പ്രവൃത്തികൾക്ക് 1675.92 കോടി രൂപയുടെ സാമ്പത്തികാംഗീകാരം കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. നിലവിൽ 177.70 കി.മീ. നീളത്തിൽ 589.91 കോടി മതിപ്പ് ചെലവുള്ള മലയോര ഹൈവേയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ 49.135 കി.മീ. വരുന്ന മലയോര ഹൈവേയുടെ ഭാഗം പ്രവൃത്തി പൂർത്തീകരിച്ചു വരുന്നുണ്ട്. 12 മീറ്റർ വീതിയിൽ സ്ഥലം സൗജന്യമായി ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി ഭാഗങ്ങളുടെ പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തിരുവനന്തപുരം ജില്ലയിലെ 2 പ്രവൃത്തികളും കൊല്ലം, വയനാട് ജില്ലകളിലെ ഓരോ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ 3 പ്രവൃത്തികളും ഉൾപ്പെടെ 7 പ്രവൃത്തികൾ ആരംഭിച്ചു. പ്രവൃത്തി ആരംഭിച്ച റീച്ചുകളുടെ നിർദ്ദിഷ്ട പൂർത്തീകരണ തീയതിയുൾപ്പെടെയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം | ജില്ല | നീളം | പൂർത്തീകരിക്കുന്ന തീയതി |
|---|---|---|---|
| | തിരുവനന്തപുരം | | |
| 1 | കള്ളിക്കാട് പാറശ്ശാല ഒന്നാം ഘട്ടം | 15.495 കി.മീ | 30.04.2020 |
| 2 | കൊല്ലായിൽ | 21.08 കി.മീ | 02.12.2020 |

| | | | |
|---|---|---|---|
| | ചല്ലിമുക്ക് വിതുര റോഡ് | | |

കൊല്ലം ജില്ല

| | | | |
|---|---|---|---|
| 3 | പുനലൂർ അഗസ്ത്യകോട് റോഡ് | 48.10.കി.മീ. | 29.06.2020 |

വയനാട് ജില്ല

| | | | |
|---|---|---|---|
| 4 | പച്ചിലക്കാട് കൈനട്ടി കൽപ്പറ്റ ബൈപ്പാസ് റോഡ് | 16.75 കി.മീ. | 19.12.2020 |

കാസറഗോഡ് ജില്ല

| | | | |
|---|---|---|---|
| 5 | നന്ദാരപ്പടവ് ചേവാർ | 23.00 കി.മീ. | 17.06.2020 |
| 6 | കൊളിച്ചൽ ചെറുപുഴ | 28.877 കി.മീ. | 04.03.2021 |
| 7 | കൊളിച്ചൽ ഇടപറമ്പ | 24.40 കി.മീ. | 02.07.2020 |

സെക്ഷൻ ഓഫീസർ